**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2941** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടതിനെ തുടർന്നുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടാൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിലെ ഏകവരുമാനദായകൻ മരണപ്പെട്ടാൽ അപേക്ഷ, ജാതി വരുമാന സർട്ടിഫിക്കറ്റുകൾ, മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏക വരുമാനദായകനായിരുന്നുവെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ്, പ്രായം തെളിയിക്കുന്ന രേഖ, ബാങ്ക് അക്കൗണ്ട് രേഖകൾ എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക് മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. മരണപ്പെട്ടയാളുടെ (ഏക വരുമാനദായകന്റെ) പ്രായം 21 നും 60 നും മധ്യേ ആയിരിക്കണം. മരണപ്പെട്ട വ്യക്തിയുടെ ഭാര്യ/ഭർത്താവ് പുനർവിവാഹം ചെയ്യുന്ന സാഹചര്യത്തിലും വിവാഹിതരായ മക്കളുണ്ടെങ്കിലും ധനസഹായം അനുവദിക്കുന്നതല്ല.<br><br>അപേക്ഷകയ്ക്ക്/അപേക്ഷകന് 21 വയസ്സ് പൂർത്തിയായ മക്കളുണ്ടെങ്കിൽ പരിഗണിക്കുന്നതല്ല. എന്നാൽ 21 വയസ്സിനുമേൽ പ്രായമുള്ള മക്കൾ വിദ്യാർത്ഥികൾ ആണെങ്കിൽ പരിഗണിക്കുന്നതാണ്. മരണം സംഭവിച്ച് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (ബി) | ഇത്തരത്തിൽ കുറ്റ്യാടി മണ്ഡലത്തിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി കമല, തെക്കേപറമ്പിൽ എന്നയാൾ സമർപ്പിച്ച അപേക്ഷ പ്രകാരം ധനസഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ശ്രീമതി.കമല, തെക്കേപറമ്പലിന്റെ അപേക്ഷ പരിശോധിച്ചതിൽ ടിയാൾക്ക് വിവാഹിതരായ മക്കൾ ഉള്ളതിനാൽ നിലവിലെ മാനദണ്ഡ പ്രകാരം ടിയാളുടെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ